# കൊല്ലം ജില്ലാപഞ്ചായത്ത്

തേവള്ളി പി.ഒ., കൊല്ലം-691 009. ഫോൺ : 2795198, 2793446, ഫാക്സ് : 0474-2790422

e-mail : *dpklam@gmail.com*


എ3.1826/17

ജില്ലാ പഞ്ചായത്ത് ആഫീസ്, കൊല്ലം

തീയതി : 30.01.18

## ലേലം/ദർഘാസ് നോട്ടീസ്

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ 2009 മോഡൽ ഡീസൽ അമ്പാസിഡർ കാർ (നമ്പർ കെ.എൽ.02.എസി.7758) ഏത് പ്രകാരമാണോ ആ വ്യവസ്ഥയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് ഓഫീസ് കോംപണ്ടിൽ വച്ച് 14.02.2018 തീയതി ഉച്ചയ്ക്ക് 2 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തോ / ദർഘാസ് വ്യവസ്ഥ വഴിയോ വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായി മൽസര സ്വഭാവമുള്ളതും, സീൽ ചെയ്തതുമായ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം 11-മണിയ്ക്ക് മുമ്പായി 5000/- രൂപ വാഹനത്തിന് നിരതദ്രവ്യമായി രൊക്കം പണമായോ ഡിമാന്റ് ഡ്രാഫ്റ്റായോ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ദർഘാസുകൾ 14.02.2018 രാവിലെ 11 മണിയ്ക്ക് മുമ്പായി സമർപ്പിക്കേണ്ടതും, ദർഘാസ് അടക്കം ചെയ്ത കവറിന് പുറത്ത് **കൊല്ലം ജില്ലാ പഞ്ചായത്ത് ഡീസൽ അമ്പാസിഡർ കാർ വില്പനയ്ക്കുള്ള ക്വട്ടേഷൻ** എന്നെഴുതിയിരിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് കിട്ടുന്നതും , നിരത ദ്രവ്യം ഇല്ലാത്തതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്. ദർഘാസുകൾ ലേലം അവസാനിച്ചാലുടൻ ഹാജരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ഏറ്റവും കൂടുതൽ തുകയ്ക്കുള്ള ലേലം വിളിയ്ക്കുകയോ , ദർഘാസിൽ കൂടുതൽ തുക രേഖപ്പെടുത്തുകയോ ചെയ്ത ആളിന്റെ പേരിൽ താൽക്കാലികമായി വിൽപ്പന സ്ഥിരപ്പെടുത്തുന്നതും മൊത്തം തുകയുടെ മൂന്നിൽ ഒന്നും നിയമാനുസൃത ജി.എസ്.ടി ഉം ഉൾപ്പെടെ അപ്പോൾ തന്നെ അടയ്ക്കേണ്ടതാണ്. ബാക്കി തുക ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 7 ദിവസത്തിനകം ഈ ആഫീസിൽ അടച്ച് വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

വാഹനം പരിശോധിക്കേണ്ടവർക്ക് 13.02.2018 വരെയുള്ള എല്ലാ പ്രവർത്തി ദിവസങ്ങളിലും കൊല്ലം ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ വച്ച് പരിശോധിക്കാവുന്നതാണ്. ലേലം / ദർഘാസ് കാരണം കാണിക്കാതെ മാറ്റി വയ്ക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ, അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. സാധാരണ സർക്കാർ ലേലം / ദർഘാസുകൾക്കുള്ള എല്ലാ നിയമങ്ങളും , നിബന്ധനകളും ഈ ലേലം / ദർഘാസിന് ബാധകമാണ്.

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :
1. എൽ.എസ്.ജി.ഡി.യുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്.
2. ജില്ലാ പഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്.
3. പ്രസിഡന്റ് / സെക്രട്ടറി
4. നോട്ടീസ് ബോർഡ്.
5. ഫിനാൻസ് ആഫീസർ.

അംഗീകാരത്തോടെ

സൂപ്രണ്ട്